LIBRARY ARCHIVES Kerala Legislative Assembly

പ്രസ്തുത സ്ഥാപനങ്ങളിൽ ഏതെല്ലാമാണ് ലാഭത്തിൽ പ്രവർത്തിക്കുന്നതെന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സ് ലിമിറ്റഡും, കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡിന്റെ ഒലവക്കോട് ഉള്ള യൂണിറ്റും മലമ്പുഴ നിയോജക മണ്ഡലത്തിൽ പ്രവർത്തിച്ചുവരുന്നു. ഇതിൽ 2020-21-ലെ ആഡിറ്റിന് മുമ്പുള്ള കണക്കുകൾ പ്രകാരം മലബാർ സിമന്റ്സ് ലിമിറ്റഡ് ലാഭത്തിലും, കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡ് നഷ്ടത്തിലുമാണ് പ്രവർത്തിക്കുന്നത്.

വ്യവസായ സൗഹൃദ സംസ്ഥാനങ്ങളുടെ പട്ടിക

182 (1912) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീതി ആയോഗിന്റെ സുസ്ഥിര വികസന സൂചികയിൽ വ്യവസായവുമായി ബന്ധപ്പെട്ട് 2018-19, 2019-20 വർഷങ്ങളിൽ കേരളത്തിന്റെ സ്ഥാനം എത്രയാണ്; പ്രസ്തുത സൂചിക തയ്യാറാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

2018-19-ൽ നീതി ആയോഗിന്റെ സുസ്ഥിര വികസന സൂചികയിൽ വ്യവസായവുമായി ബന്ധപ്പെട്ട സൂചകങ്ങൾ ലക്ഷ്യം 9-ലും 2019-20-ൽ ലക്ഷ്യം-8, ലക്ഷ്യം -9 എന്നിവയിലുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

ആയവയുടെ 2018-19, 2019-20 വർഷങ്ങളിലെ സുസ്ഥിര വികസന സൂചികയിലെ സ്ഥാനങ്ങൾ ചുവടെ ചേർക്കുന്നു:

ലക്ഷ്യം	2018-19		2019-20	
	സ്കോർ	റാങ്ക്	സ്കോർ	റാങ്ക്
ലക്ഷ്യം 8	--	--	61	23
ലക്ഷ്യം 9	68	2	88	1

2019-20-ൽ ലക്ഷ്യം 8-ൽ വ്യവസായവുമായി ബന്ധപ്പെട്ട് പരിഗണിക്കുന്ന 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് സ്കോർ' എന്ന സൂചകം കണക്കാക്കുന്നത് മിനിസ്ട്രി ഓഫ് കോമേഴ്സ് ആൻഡ് ഇൻഡസ്ട്രീസ് എന്ന കേന്ദ്ര മന്ത്രാലയം തയ്യാറാക്കുന്ന ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് സൂചികയിലെ കേരളത്തിന്റെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് സ്കോർ അടിസ്ഥാനപ്പെടുത്തിയാണ്. എന്നാൽ 2020-21 മുതൽ കേരളത്തിന്റെ ഫീഡ്ബാക്ക് സ്കോർ ആണ് സൂചകത്തിന് കണക്കാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ലക്ഷ്യം 9-ൽ വ്യവസായവുമായി ബന്ധപ്പെട്ട 4 സൂചകങ്ങളും ആയത് കണക്കാക്കുന്നതിനുള്ള മാനദണ്ഡങ്ങളും ചുവടെ ചേർക്കുന്നു:

സൂചകം	മാനദണ്ഡം
ലീഡ്സ് ഇൻഡക്സിലെ സ്കോർ	മിനിസ്ട്രി ഓഫ് കോമേഴ്സ് ആൻഡ് ഇൻഡസ്ട്രീസ് തയ്യാറാക്കുന്ന ലീഡ്സ് ഇൻഡക്സ് റിപ്പോർട്ടിലെ കേരളത്തിന്റെ സ്കോർ പരിഗണിക്കുന്നു
Percentage Share of GVA in manufacturing to total GVA	സൂചകം കണക്കാക്കുന്നതിനുള്ള ഡാറ്റ MoSPI യുടെ ഡാറ്റാബേസിൽ നിന്നാണ് ശേഖരിക്കുന്നത്.
Manufacturing employment as a percentage of total employment (ഉൽപ്പാദന മേഖലയെ അടിസ്ഥാനമാക്കി തൊഴിലവസരങ്ങളുടെ അനുപാതം മൊത്തം തൊഴിലവസരങ്ങളുമായി തട്ടിക്കുമ്പോൾ)	Periodic Labours Force Survey (PFLS)ൽ നിന്നുള്ള ഡാറ്റ അടിസ്ഥാനമാക്കി
Innovation Score as per Innovation index	നീതി ആയോഗ് തയ്യാറാക്കുന്ന Innovation Index-ലെ കേരളത്തിന് ലഭിച്ച സ്കോർ പരിഗണിക്കുന്നു.

(ബി) രാജ്യത്തെ വ്യവസായ സൗഹൃദ സംസ്ഥാനങ്ങളുടെ പട്ടിക തയ്യാറാക്കുന്നത് ആരാണ്; ഇതിനായി ഇവർ എന്തൊക്കെ കാര്യങ്ങളാണ് പരിഗണിക്കുന്നതെന്ന് അറിയിക്കാമോ?

കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്ടുമെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡ് (ഡി.പി.ഐ.ഐ.ടി.) ആണ് രാജ്യത്തെ സംസ്ഥാനങ്ങളുടെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്ക് നിർണ്ണയിക്കുന്നത്. വ്യവസായ സംരംഭം തുടങ്ങുന്നതിനും നടത്തിക്കൊണ്ട് പോകുന്നതിനും ആവശ്യമായ അനുമതികളും ലൈസൻസുകളും സമയബന്ധിതമായും സുതാര്യമായും ലഭ്യമാക്കുക, സംരംഭകർക്ക് വകുപ്പുകൾ നൽകുന്ന സേവനങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ നൽകുക, ഓൺലൈൻ സംവിധാനങ്ങൾ നടപ്പിലാക്കുക, സംരംഭകർക്ക് ഓൺലൈൻ സംവിധാനത്തിലൂടെ അപേക്ഷകൾ സമർപ്പിക്കുന്നതിനും, ഫീസ് അടയ്ക്കുന്നതിനും അനുമതികൾ ഡൗൺലോഡ് ചെയ്യുന്നതിനും വേണ്ട നിർദ്ദേശങ്ങൾ വകുപ്പുകളുടെ വെബ്സൈറ്റ് വഴി നൽകുക, നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുള്ള ചട്ടങ്ങളിലെ ഭേദഗതികൾ കൊണ്ടുവരിക

LIBRARY ARCHIVES Kerala Legislative Assembly

എന്നിവയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ആക്ഷൻ പോയിന്റുകൾക്ക് ലഭിക്കുന്ന മാർക്കുകൾക്കും സംരംഭകരുടെ ഇടയിൽ ഡി.പി.ഐ.ഐ.ടി. നടത്തുന്ന അഭിപ്രായ സർവേയുടെ അടിസ്ഥാനത്തിലുമാണ് ഓരോ സംസ്ഥാനത്തിന്റെയും സ്ഥാനം നിർണ്ണയിക്കുന്നത്.

(സി) ഇതിന്റെ മാനദണ്ഡങ്ങൾ സംബന്ധിച്ച് കേരളം എന്തെങ്കിലും വിയോജിപ്പ് പ്രകടിപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

2020-ലെ ബിസിനസ് റിഫോം ആക്ഷൻ പ്ലാനനുസരിച്ച് ഓരോ സംസ്ഥാനത്തിനും 301 ദൗത്യങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്. ഇതിൽ 47 ദൗത്യങ്ങൾ സംസ്ഥാനത്തിന് ബാധകമല്ലെന്ന് രേഖാമൂലം അറിയിച്ചിട്ടുണ്ട്. ഭൂമിശാസ്ത്രപരവും ജനസംഖ്യാധിഷ്ഠിതവും പാരിസ്ഥിതികവുമായ ആവാസ വ്യവസ്ഥയിൽനിന്ന് വ്യത്യസ്ത വെല്ലുവിളികൾ നേരിടുന്ന സംസ്ഥാനങ്ങളെ/ കേന്ദ്ര ഭരണ പ്രദേശങ്ങളെ ഒറ്റ അളവുകോൽ (single yardstick) ഉപയോഗിച്ച് BRAP നിർണ്ണയിക്കുന്നത് യുക്തിപരമല്ലെന്ന് കാട്ടി സംസ്ഥാനം പലതവണ DPIIT യുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(ഡി) വിയോജിപ്പുകളുടെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

സംസ്ഥാനം DPIIT-യുടെ ശ്രദ്ധയിൽപ്പെടുത്തിയ വിയോജിപ്പുകളിന്മേൽ നാളിതുവരെ യാതൊരു നടപടികളും സ്വീകരിച്ചതായി കാണുന്നില്ല.

കോവിഡ് സമാശ്വാസ പദ്ധതി

183 (1913) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ ജി. എസ്. ജയലാൽ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് വ്യവസായ വാണിജ്യ മേഖലകളിൽ സൃഷ്ടിച്ച പ്രതിസന്ധി കണക്കിലെടുത്ത് സംസ്ഥാന സർക്കാർ സമാശ്വാസ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കോവിഡ് രണ്ടാം തരംഗംമൂലം സംസ്ഥാനത്തെ എം.എസ്.എം.ഇ. മേഖലയ്ക്ക് നേരിട്ട ആഘാതം കുറയ്ക്കുന്നതിനായി കോവിഡ്-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് ഈ വർഷം പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത പാക്കേജിൽ താഴെപ്പറയുന്ന ദുരിതാശ്വാസ പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പ് വഴി നടപ്പിലാക്കുന്നുണ്ട്.